**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**
**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

---

നം: ആവഡ/4938/2026-EL2 തീയതി: 12-03-2026

## സർക്കുലർ

വിഷയം:- ആവഡ-ആരോഗ്യവകുപ്പിൽ റെഫ്രിജറേഷൻ മെക്കാനിക്(യു ഐപി) തസ്തികയിൽ *നിലവിൽ സേവനമനുഷ്ഠിക്കുന്ന* ജീവനക്കാരുടെ 31/12/2025 വരെയുള്ള സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത് – സംബന്ധിച്ച്.

സൂചന:-

ആരോഗ്യവകുപ്പിൽ റെഫ്രിജറേഷൻ മെക്കാനിക് (യുഐപി) തസ്തികയിൽ *നിലവിൽ സേവനമനുഷ്ഠിക്കുന്ന* ജീവനക്കാരുടെ 31/12/2025 വരെയുള്ള സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി ഇ സർക്കുലറിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ അതാതു ജില്ലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കൃത്യമായ സേവനവിവരങ്ങൾ ജില്ലാമെഡിക്കൽ ഓഫീസർമാർ ശേഖരിച്ച് 23/03/2026 നു മുൻപായി ഉചിതമാർഗ്ഗേണ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ജീവനക്കാർ സമർപ്പിക്കുന്ന പൂരിപ്പിച്ച പ്രൊഫോർമ അതാത് ഓഫീസ് മേധാവിമാർ സേവനപുസ്തകവുമായി ഒത്തുനോക്കി വിവരങ്ങളുടെ കൃത്യത ഉറപ്പാക്കി മാത്രമേ ജില്ലാമെഡിക്കൽ ഓഫീസർമാർക്ക് സമർപ്പിക്കാൻ പാടുള്ളൂ.

അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം പട്ടികയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ആയതിനാൽ ടി തസ്തികയിൽ 31/12/2025 ന് സേവനത്തിൽ ഉണ്ടായിരുന്ന എല്ലാ ജീവനക്കാരും യഥാസമയം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

Digitally signed by
M . Abul Kalam
Date: 12-03-2026
11:19:24

SENIOR ADMINSTRATIVE OFFICER

സ്വീകർത്താവ്:-1 എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും

2 ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

3 ബന്ധപ്പെട്ട ജീവനക്കാർ (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്) മുഖേന

ഉള്ളടക്കം:

1. പ്രൊഫോർമ

പകർപ്പ്:

1. സൂപ്രണ്ട് ഇ ഡി സെക്ഷൻ
   ഫയൽ സ്റ്റോക്ക് ഫയൽ